# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 197 19.06.2012 ൽ മറുപടിയ്ക്ക്

## ഡ്രൈവർക്ക് നിയന്ത്രിക്കാവുന്ന വാതിൽ

| ചോദ്യം<br>ശ്രീ. എ. കെ. ശശീന്ദ്രൻ<br>ശ്രീ. തോമസ് ചാണ്ടി | | ഉത്തരം<br>ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി |
|---|---|---|
| (എ) വാതിലുകൾ തുറന്നിട്ട് അമിതവേഗത്തിൽ ചീറിപ്പായുന്ന സ്വകാര്യ ബസ്സുകളിൽ നിന്നും യാത്രക്കാർ തെറിച്ച് വീണ് അപകടങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) അടച്ചുറപ്പുള്ള വാതിൽ ഉൾപ്പെടെയുള്ള സുരക്ഷാ സംവിധാനങ്ങൾ ഇല്ലാത്ത ബസ്സുകൾക്കെതിരെ നടപടി എടുക്കണമെന്നുള്ള ട്രാൻസ്പോർട്ട് കമ്മീഷണറുടെ നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ഉണ്ട് |
| (സി) ട്രാൻസ്പോർട്ട് കമ്മീഷണറുടെ നിർദ്ദേശം നടപ്പിലാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (സി) | ഗതാഗത കമ്മീഷണറുടെ നിർദ്ദേശം നടപ്പിലാക്കുന്നതിനായി വകുപ്പിലെ ഉദ്യോഗസ്ഥർ നടപടികൾ സ്വീകരിക്കുന്നുണ്ട്. കേരളത്തിലാകമാനം ഇത്തരത്തിൽ അശ്രദ്ധമായി ബസ്സുകൾ ഓടിച്ചതിന് മോട്ടോർ വാഹന നിയമത്തിലെ 184-ാം വകുപ്പ് പ്രകാരം 2010-ൽ 755 കേസുകളും, 2011 വർഷത്തിൽ 664 കേസുകളും, 2012 വർഷത്തിൽ 319 കേസുകളും കണ്ടുപിടിച്ചിട്ടുണ്ട്. |
| (ഡി) ബസ്സുകളിൽ ഡ്രൈവർക്ക് നിയന്ത്രിക്കാവുന്ന വാതിലുകൾ സ്ഥാപിക്കണമെന്ന ട്രാൻസ്പോർട്ട് വകുപ്പിന്റെ ശുപാർശ നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വെളിപ്പെടുത്തുമോ ? | (ഡി) | സ്റ്റേജ് കാര്യേജുകളിൽ ന്യൂമാറ്റിക് ഡോർ നിർബന്ധമാക്കുന്നതിന് വേണ്ടി 1989 ലെ കേരള മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 280(2) ഭേദഗതി ചെയ്യുന്നതിനായി പുതുക്കിയ കരട് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ